വയനാട് ജില്ലാ കോൺഗ്രസ് ഡി.സി.സി. സെക്രട്ടറി ആത്മഹത്യചെയ്ത സംഭവം

220 (2048) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ കോൺഗ്രസ് ഡി. സി. സി. സെക്രട്ടറി പി. വി. ജോൺ മാനന്തവാടി കോൺഗ്രസ് ഓഫീസിൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി. വി. ജോണിന്റെ ആത്മഹത്യാകുറിപ്പ് പോലീസിന് ലഭിക്കുകയുണ്ടായോ ; എങ്കിൽ ആരുടെയൊക്കെ പേരുകളാണ് ഉള്ളതെന്നും അവർ കോൺഗ്രസിലെ ഏതൊക്കെ സ്ഥാനങ്ങൾ വഹിയ്ക്കുന്നവരാണെന്നും വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ശ്രീ. പി. വി. ജോണിന്റെ കുടുംബം ആഭ്യന്തര മന്ത്രിക്ക് പരാതി നൽകുകയുണ്ടായോ ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ആത്മഹത്യാകുറിപ്പിൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്കെതിരെ കേസെടുക്കുകയുണ്ടായോ, എങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെടുത്തത് എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ടാഗോർ വിദ്യാനികേതൻ സ്കൂളിലെ ശശിധരൻ മാസ്റ്ററുടെ ആത്മഹത്യയെ തുടർന്ന് ശ്രീ. ജെയിംസ് മാത്യു എം. എൽ. എ.യെ അറസ്റ്റ് ചെയ്ത് ജയിലിലാക്കാനുള്ള കാരണം എന്തായിരുന്നു ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് എം.എൽ.എ.യ്ക്ക് എതിരെ കേസ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എഫ്) മേൽപ്പറഞ്ഞ കേസ്സുകളിൽ ഇരട്ടനീതി നടപ്പാക്കിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

1. കെ. എൽ. പൗലോസ്, ഡി.സി.സി. പ്രസിഡന്റ്
2. സിൽവി തോമസ്, ഡി.സി.സി. സെക്രട്ടറി
3. വി.കെ. ജോസ്, കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ്
4. ലേഖ രാജീവൻ, കോൺഗ്രസ് മണ്ഡലം സെക്രട്ടറി

GPM. 2/240/2020-38

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇല്ല. പി. വി. ജോണിന്റെ മരണവുമായി ബന്ധപ്പെട്ട ആത്മഹത്യ കുറിപ്പിൽ പരാമർശിക്കുന്ന ആളുകളായ കെ. എൽ. പൗലോസ്, ഡി.സി.സി. പ്രസിഡന്റ്, സിൽവി തോമസ്, ഡി.സി.സി. സെക്രട്ടറി, വി. കെ. ജോസ്, കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ്, ലേഖ രാജീവൻ, കോൺഗ്രസ് മണ്ഡലം സെക്രട്ടറി എന്നിവർ ക്രിമിനൽ കുറ്റം ചെയ്തതായി വെളിവായിട്ടില്ല. ടി കേസിന്മേലുള്ള അന്വേഷണം ഊർജിതമായി നടന്നുവരുന്നു.

(ഇ) ടാഗോർ വിദ്യാനികേതൻ സ്കൂളിലെ ശശിധരൻ മാസ്റ്ററുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ വിദ്യാനികേതൻ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ. ഷാജി മാസ്റ്ററുടെയും ബഹു. എം.എൽ.എ. ആയ ശ്രീ. ജെയിംസ് മാത്യുവിന്റെയും പ്രേരണ മൂലമാണ് ടിയാൻ മരിക്കാൻ ഇടയായതെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ടിയാൻമാരെ പ്രതികളായി Section 306 IPC ആയി ഉൾപ്പെടുത്തി ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ആകുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസ് സേനയിലെ നിയമന പ്രക്രിയ

221 (2049) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് സേനയിൽ യുവാക്കളായ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വാർഷിക നിയമന പ്രക്രിയയുടെ നിലവിലെ അവസ്ഥ എന്താണ്; ഇതിലേക്ക് നിയമനങ്ങൾ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ ;

(ബി) വനിതാ എസ്.ഐ.മാരുടെ പി.എസ്.സി. റാങ്ക് പട്ടികയിൽനിന്ന് നിയമനം നടത്താനുള്ള ആഭ്യന്തര വകുപ്പിന്റെ തീരുമാനം നടപ്പിലായോ ;

(സി) കേരള പോലീസിൽ കേഡർ രൂപീകൃതമായതിനുശേഷം സിവിൽ പോലീസ് കേഡറിലേക്ക് ആദ്യമായി നിലവിൽവന്ന എസ്.ഐ. റാങ്ക് പട്ടികയിലേക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly